(ബി) മേൽപ്പറഞ്ഞ 111 സ്കൂളുകളിലും സർക്കാർ ഉത്തരവ് പ്രകാരം അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതനുസരിച്ച് സ്കൂളുകളിൽ നിയമനം നടത്തേണ്ടത് അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാരാണ്. ഈ സ്കൂളുകളിലെ എം.എച്ച്.ആർ.ഡി. അംഗീകാരം ലഭിച്ച ഹെഡ്മാസ്റ്റർക്കും (16 സ്കൂളിലെ ഹെഡ്മാസ്റ്റർ ഒഴികെ) ഹൈസ്കൂൾ അദ്ധ്യാപകർക്കും ശമ്പളം ആർ.എം.എസ്.എ. ഫണ്ടിൽ നിന്നും നൽകിവരുന്നു. 2009-10-ൽ അപ്ഗ്രേഡ് ചെയ്ത സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള കെട്ടിട നിർമ്മാണത്തിന് ആർ.എം.എസ്.എ. വഴി ഫണ്ട് നൽകിയിട്ടുണ്ട്. ഇതിൽ 7 സ്കൂളുകളുടെ കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 49 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. 3 സ്കൂളുകളിൽ സ്ഥലപരിമിതി കാരണം കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ല. രണ്ടാം ഘട്ടത്തിൽ അപ്ഗ്രേഡ് ചെയ്ത 36 സ്കൂളുകൾക്കും, മൂന്നാം ഘട്ടത്തിൽ അപ്ഗ്രേഡ് ചെയ്ത 16 സ്കൂളുകൾക്കും കെട്ടിട നിർമ്മാണത്തിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ആർ.എം.എസ്.എ. പദ്ധതിയിലുൾപ്പെടുത്തി അപ്ഗ്രേഡ് ചെയ്ത 111 സ്കൂളുകളിൽ സംസ്ഥാന സർക്കാർ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ ഈ സ്കൂളുകളിലെ ഒരു ഹെഡ്മാസ്റ്റർക്കും 5 ഹൈസ്കൂൾ അദ്ധ്യാപകർക്കും മാത്രമാണ് എം.എച്ച്.ആർ.ഡി.-യുടെ അംഗീകാരം ലഭിച്ചിട്ടുള്ളത്. അതിനാൽ ഇവർക്കു മാത്രമാണ് ആർ.എം.എസ്.എ. വഴി ശമ്പളം നൽകാൻ സാധിക്കുന്നത്. എം.എച്ച്.ആർ.ഡി. അംഗീകരിച്ച തസ്തികകൾക്കുപരിയായി സ്കൂളുകളിൽ കുട്ടികൾക്ക് ആനുപാതികമായി അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ആർ.എം.എസ്.എ. പദ്ധതി

48 (1124) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.എം.എസ്.എ. പദ്ധതി പ്രകാരം ഹൈസ്കൂൾ ആയി ഉയർത്തിയ പാമ്പനാർ ഹൈസ്കൂൾ, വഞ്ചിവയൽ ടൈബൽ സ്കൂൾ എന്നിവയിൽ മതിയായ അദ്ധ്യാപകരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളുകളുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ അദ്ധ്യാപകരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്വീകരിച്ചിട്ടുണ്ട്. പാമ്പനാർ ഗവൺമെന്റ് ഹൈസ്കൂളുകളിലും വഞ്ചിവയൽ ടൈബൽ സ്കൂളിലും മലയാളം മീഡിയത്തോടൊപ്പം തമിഴ് മീഡിയവും പ്രവർത്തിക്കുന്നതിനാൽ രണ്ട് മീഡിയത്തിലും കൂടി സർക്കാർ ഉത്തരവു പ്രകാരം 12 ഹൈസ്കൂൾ അദ്ധ്യാപക തസ്തികകൾ വീതം സംസ്ഥാന സർക്കാർ സൃഷ്ടിച്ചിട്ടുള്ളതാണ്. ഇപ്രകാരം വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിയമനം നടത്താവുന്നതാണ്.

പ്ലസ് ടു അദ്ധ്യാപക നിയമനം

49 (1125) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി പ്ലസ് ടു അനുവദിച്ച സ്കൂളുകളിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിനായുള്ള നടപടിക്രമങ്ങൾ ഏതൊക്കെ ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ പോലും അദ്ധ്യാപകർക്ക് ശമ്പളം കിട്ടുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പുതുതായി പ്ലസ് ടു അനുവദിച്ച സ്കൂളുകളിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിന്റെ ഭാഗമായി തസ്തിക നിർണ്ണയ നടപടികൾ നടന്നുവരുന്നു.

(ബി) ഗവൺമെന്റ് സ്കൂളുകളിലെ ഗസ്റ്റ് അദ്ധ്യാപകർക്ക് വേതനം നൽകാൻ ഉത്തരവായിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിലെ ഗസ്റ്റ് അദ്ധ്യാപകർക്ക് വേതനം നൽകുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ചുവരുന്നു.

പ്ലസ് ടു ബാച്ചുകൾ

50 (1126) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി മേഖലയിൽ എത്ര എയ്ഡഡ്/ അൺഎയ്ഡഡ് പ്ലസ് ടു സ്കൂളുകൾ ഉണ്ട്; ജില്ല തിരിച്ചുള്ള എണ്ണം വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് അൺ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ എത്ര പ്ലസ് ടു ബാച്ചുകൾ അനുവദിച്ചുവെന്നും എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ എത്ര പ്ലസ് ടു ബാച്ചുകൾ അനുവദിച്ചുവെന്നും അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly